## അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനാഘോഷം-2018

അന്താരാഷ്ട്ര ജൈവവൈവിധ്യ ദിനാഘോഷം ആക്കുളത്ത് ദേശീയ ഭൗമശാസ്ത്ര പഠനകേന്ദ്രത്തിൽ വച്ച് 2018 മേയ് 22 ന് ഹരിതകേരളം മിഷൻ എക്സിക്യൂട്ടിവ് വൈസ് ചെയർപേഴ്സൺ ഡോ. റ്റി.എൻ. സീമയുടെ അദ്ധ്യക്ഷതയിൽ ബഹു. കേരള വനം, വന്യജീവി വകുപ്പു മന്ത്രി അഡ്വ.കെ. രാജു നിർവ്വഹിച്ചു. മനുഷ്യരാശിയുടെ നിലനിൽപ്പിന് ജൈവവൈവിധ്യ സംരക്ഷണം അത്യന്താപേക്ഷിതമാണെന്നും നമ്മുടെ വനവും, വന്യ ജീവികളേയും സംരക്ഷിക്കേണ്ടത് ഓരോ പൗരന്റേയും കടമായാണെന്നും അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ സൂചിപ്പിച്ചു. വാർഡ് കൗൺസിലർ ശ്രീമതി. വി.ആർ. സിനി, കേരള വനം വകുപ്പു ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സ് ശ്രീ. പി.കെ. കേശവൻ IFS, സാക്ഷരതാ മിഷൻ ഡയറക്ടർ ഡോ. പി.എസ്. ശ്രീകല, ദേശീയ ഭൗമശാസ്ത്ര പഠനകേന്ദ്രം ഡയറക്ടർ ഡോ. പൂർണ്ണചന്ദ്രറാവു തുടങ്ങിയവർ ആശംസപ്രസംഗം നടത്തി. കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ് ചെയർമാൻ ഡോ. എസ്.സി ജോഷി IFS(Retd) സ്വാഗതവും സീനിയർ പ്രോഗ്രാം കോർഡിനേറ്റർ ഡോ. കെ.ജി. അജിത്കുമാർ നന്ദിയും രേഖപ്പെടുത്തി. ഉദ്ഘാടനത്തിനുശേഷം തിരുവനന്തപുരം ജില്ലയിലെ ജൈവവൈവിധ്യ പരിപാലനസമിതിക്കുവേണ്ടിയുള്ള പരിശീലന പരിപാടിയും സംഘടിപ്പിച്ചു.

ഉച്ചയ്ക്ക് 2.30 ന് വേളി-ആക്കുളം കായൽ നേരിടുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ എന്ന വിഷയത്തെ ആസ്പദമാക്കി ഡോ. ജി. വിജയരാഘവന്റെ ( ഓണററി ഡയറക്ടർ CADRRE) നേതൃത്വത്തിൽ ഒരു പാനൽ ചർച്ച സംഘടിപ്പിച്ചു. ഉന്നത വിദ്യാഭ്യാസ പ്രിൻസിപ്പൽ സെക്രട്ടറി ഡോ. ഉഷ ടൈറ്റസ് IAS, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ് ഡയറക്ടർ ശ്രീമതി. പത്മാ മൊഹന്തി IFS, കേരള യൂണിവേഴ്സിറ്റി എൻവയോൺമെന്റൽ സയൻസ് മേധാവി ഡോ. സാബു. ജോസഫ്, പമ്പാ പരിരക്ഷണ സമിതി ജനറൽ സെക്രട്ടറി ശ്രീ. എൻ. കെ സുകുമാരൻ നായർ, ഭൗമശാസ്ത്ര പഠനകേന്ദ്രം സയന്റിസ്റ്റ് ഡോ.കെ.കെ. രാമചന്ദ്രൻ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ക്ലൈമറ്റ് ചെയിഞ്ച് സ്റ്റഡീസിന്റെ മുൻ ഡയറക്ടർ ഡോ. ജോർജ്ജ് ചാക്കഞ്ചേരി, കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിലെ ചീഫ് സയന്റിസ്റ്റ് ഡോ. കമലാക്ഷൻ കൊക്കൽ, ബാർട്ടൺ ഹിൽ എഞ്ചിനീയറിംഗ് കോളേജിലെ അസോസിയേറ്റ് പ്രൊഫസർ. ഡോ. സുജ നായർ, തുടങ്ങി യവർ ചർച്ചയിൽ ക്രിയാത്മകമായി പങ്കെടുത്തു.


അന്താരാഷ്ട്ര
ജൈവവൈവിധ്യദിനാഘോഷം 2018


അന്താരാഷ്ട്ര
ജൈവവൈവിധ്യദിനാഘോഷം 2018